പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1454

06-03-2017 ൽ മറുപടിക്ക്

ഒറ്റപ്പാലത്തെ അഗ്രോ സർവ്വീസ് സെന്ററുകൾ

ചോദ്യം

ശ്രീ.പി. ഉണ്ണി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽപ്പെട്ട വിവിധ കൃഷിഭവനുകളിലെ പരിധിയിൽപ്പെടുന്ന കർഷകർക്ക് 1-4-2016 മുതൽ 31-01-2017 വരെ വിള ആരോഗ്യ പരിപാലനത്തിനായി എത്ര തുക നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ; | എ) | വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഒറ്റപ്പാലം കൃഷിഭവനിൽ നിന്നും 40,000/- രൂപയും കരിമ്പുഴ കൃഷിഭവനിൽ നിന്നും 15,000/- രൂപയും ശ്രീകൃഷ്ണപുരം കൃഷിഭവനിൽ നിന്നും 40,000/- രൂപയും കർഷകർക്ക് നൽകിയിട്ടുണ്ട്. സർവ്വേയിലൻസ് യൂണിറ്റുകൾക്കുള്ള ധനസഹായം, എലി നശീകരണ ക്യാമ്പയിൻ എന്നിവയ്ക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്. കൂടാതെ ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം കൃഷിഭവനുകളിൽ ബ്ലോക്കുതല വിള ആരോഗ്യ ക്ലിനിക്ക് തുടങ്ങുന്നതിനായി 10 ലക്ഷം രൂപയും ചെലവഴിക്കുന്നുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അതിർത്തിയിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചു; എത്ര തുക അതിനായി വിനിയോഗിച്ചു; വിശദാംശം ലഭ്യമാക്കാമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അതിർത്തിയിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ